LIBRARY ARCHIVES Kerala Legislative Assembly

ഭിന്നശേഷിക്കാരുടെ നിയമനപ്രക്രിയയെക്കുറിച്ചുള്ള പഠനം

161 (2881) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഭിന്നശേഷിക്കാരുടെ നിയമനപ്രക്രിയ പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ശുപാർശകൾ അടങ്ങിയിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭിന്നശേഷി വിഭാഗത്തിന് ജോലിയിലുള്ള സംവരണത്തിന് ഹൊറിസോണ്ടൽ സംവരണ രീതിയാണോ വെർട്ടിക്കൽ സംവരണ രീതിയാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണത്തിന് നിലവിൽ out-of-turn സംവരണ രീതിയാണ് സ്വീകരിക്കുന്നത്. ഹൊറിസോണ്ടൽ സംവരണ രീതി നടപ്പിലാക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനമായിട്ടില്ല.

(സി) ഹൊറിസോണ്ടൽ രീതിയിലാണ് സംവരണമെങ്കിൽ അത് നടപ്പാക്കുന്ന പ്രക്രിയ വിശദമാക്കുമോ?

ബാധകമല്ല.

ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

162 (2882) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര'യുടെ ഭാഗമായി ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം' (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉൾപ്പെടെ 50 ശതമാനത്തിലധികം ഭിന്നശേഷിത്വമുള്ള 12 വയസ്സിൽ താഴെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.